ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 'പണിയർ' എന്ന ഒരു സമുദായം മലബാർ പ്രദേശത്തില്ല. അവിടെയുള്ള പണിയൻ സമുദായം പട്ടികവർഗ്ഗത്തിൽ പെട്ടവരാണു്.

(ബി) അണ്ടത്തോട് ഫർക്കയിലുള്ള പണിയൻ സമുദായത്തിലെ കുട്ടികൾക്കു് ലംപ്സം ഗ്രാന്റു് കൊടുത്തുവരുന്നുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ : അണ്ടത്തോട് ഫർക്കയിലുള്ള മിക്ക കുട്ടികൾക്കും 62–63-ൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ലംപ്സം ഗ്രാന്റു് കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്നന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അണ്ടത്തോട് ബ്ലാക്കിൽ 3 സ്കൂളുകൾക്കാണു കൊടുക്കുന്നതു്. പതിയൂർ, പയ്യന്നൂർ, പാലപ്പട്ടി ഈ മൂന്നു സ്കൂളുകളിലെ കുട്ടികൾക്കു കൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : 'പണിയർ', 'തച്ചൻ', എന്നൊക്കെ പറയുന്നവർ 'പണിയർ' എന്നുള്ളതു് 'പണിയൻ' എന്നും 'തച്ചർ' എന്നുള്ളതു് 'തച്ചനെ'ന്നും, അതുപോലെതന്നെ കമ്മാളാ എന്നു പറയുന്നതു് തമിഴു് കമ്മാളാ മലയാള കമ്മാളാ എന്നും ഇങ്ങനെ ഓരോ പേരു ലിസ്റ്റിൽ വരുന്നുണ്ടു്. ഇതിന്റെ ഫലമായിട്ടു് കുട്ടികൾക്കു് ബുദ്ധിമുട്ടുവരുന്നു. ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇങ്ങനെ മലയാള കമ്മാളരെന്നും തമിഴു് കമ്മാളരെന്നും ഒക്കെ വരുന്നുണ്ടു്. ഈ പണിയർ എന്നൊരു സമുദായം ഇല്ലെന്നാണു് മനസ്സിലാക്കുന്നതു്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ പരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഈ തച്ചന്മാർ എന്നു പറയുന്ന വിഭാഗം ചില സ്ഥലങ്ങളിൽ ഷെഡ്യൂൾഡു് കാസ്റ്റായിട്ടു കണക്കാക്കുന്നു. ചില സ്ഥലങ്ങളിൽ കണക്കാക്കുന്നില്ല. ഇങ്ങനെയുള്ള വ്യത്യാസം മാറ്റി ഒരേസമുദായത്തിലുള്ളവരെ ഒരേ ക്യാറ്റഗറിയായി നിശ്ചയിക്കാൻ നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലായിടത്തും ഇങ്ങനെയില്ല. മലബാർ ഭാഗത്തും തിരുവിതാംകൂർ–കൊച്ചി ഭാഗത്തും ഇങ്ങനെ വരുന്ന വ്യത്യാസങ്ങൾ ഏകീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : തിരുവിതാംകൂർ ഭാഗത്തെ തച്ചന്മാരെ മുൻപു് ഷെഡ്യൂൾഡു് കാസ്റ്റിൽ പെടുത്തിയിരുന്നു. ഇപ്പോൾ അതില്ല. അതിനു കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കുഞ്ഞമ്പു : 56-നു മുമ്പു് അവർ ഷെഡ്യൂൾഡു് കാസ്റ്റായിരുന്നില്ല.

ഡീപ്പു് എക്സറെ മെഷീന്റെ ഉപകരണം കൊണ്ടുവരാനുള്ള യാത്ര

* 873. [15] ശ്രീ. എസ്സു്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീപ്പു് എക്സ്റേ മെഷീന്റെ ഒരു ഉപകരണം കൊണ്ടുവരാൻ തിരുവനന്തപുരം മെഡിക്കൽകോളജു് ആശുപത്രിയിലെ ചീഫു് റേഡിയോളജിസ്റ്റു് കഴിഞ്ഞ സെപ്തംബറിൽ സർക്കാർ ചെലവിൽ മദ്രാസിലേക്കു പോയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആവശ്യപ്പെട്ടപോയ ഉപകരണം കൊണ്ടുവന്നിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്തു് ;

(ഡി) ഉപകരണങ്ങളുടെ ഡോസു് അളക്കുവാൻ ചുമതലപ്പെട്ട ഫിസിസിസ്റ്റു് അല്ലേ ഇതിനു പോകേണ്ടതു് ;

(ഈ) പകരം ചീഫു് റേഡിയോളജിസ്റ്റു പോയതെന്തുകൊണ്ടാണു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പോയിരുന്നു.

(ബി) ഇല്ല.

(സി) മദ്രാസു് ഗവണ്മെൻറിന്റെ പ്രത്യേക അനുവാദം ആവശ്യമുണ്ടായിരുന്നതിനാൽ ടി ഉപകരണം കിട്ടിയിട്ടില്ല. ഫിസിസിസ്റ്റുതന്നെ പോകണമെന്നില്ല.

(ഡി, ഈ) റേഡിയോളജി പ്രൊഫസർ കൂടിയായ ചീഫു് റേഡിയോളജിസ്റ്റിനു മദ്രാസു് മെഡിക്കൽ ഡയറക്ടറെ നേരിട്ടറിയുന്നതുകൊണ്ടു് ടി ഉപകരണം അദ്ദേഹത്തിന്റെ ചുമതലയിൽ എളുപ്പത്തിൽ കിട്ടാൻ സാദ്ധ്യതയുണ്ടെന്നു് കരുതിയാണു് അദ്ദേഹത്തെ അയച്ചതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഈ ഉദ്യോഗസ്ഥൻ മദ്രാസിൽപോയി തിരിച്ചുവരുന്നതിനു നമ്മുടെ ചക്രം എത്രമാത്രം ചെലവായിട്ടുണ്ടു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ ഉദ്യോഗസ്ഥൻ മദ്രാസിൽ പോയി, അദ്ദേഹത്തിന്റെ പരിശ്രമംകൊണ്ടു മദ്രാസു് ഗവണ്മെൻറിൽനിന്നും മെഷീൻ കിട്ടാത്തതുകാരണം വേറെ കമ്പനിക്കാരെ സമീപിച്ചു ആ യന്ത്രം കൊണ്ടുവരുകയാണുണ്ടായതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : അതിലേക്കു് എത്ര രൂപ ചെലവായി എന്നു ചോദിച്ചതിനുത്തരം പറഞ്ഞില്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ യന്ത്രം മദ്രാസു് ഗവണ്മെൻറിൽ നിന്നും കിട്ടിയില്ലെങ്കിലും വേറെ കമ്പനിക്കാരിൽനിന്നു കിട്ടി. അതിലേക്കു് കൂടുതലായി ഒന്നും ചെലവാക്കേണ്ടിവന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എറണാകുളം ജില്ലാ ആശുപത്രിയിൽ ഒരു ഡീപ്പു് എക്സ്റേ പ്ലാൻറു സ്ഥാപിച്ചു എങ്കിലും അതു അധികം താമസിയാതെ കേടായിപ്പോയി. അതു നന്നാക്കുന്നതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറയുകയുണ്ടായി. അതു എത്രത്തോളമായി. ഈ അടുത്തകാലത്തു അതു പ്രവർത്തിപ്പിക്കാൻ സാധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സർ, വളരെ പ്രാവശ്യം ഈ കാര്യം ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണു്. ഇപ്പോഴും അതു പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നതുകൊണ്ടു് അതു സപ്ലൈ ചെയ്ത ആ കമ്പനിക്കാർക്കു് നോട്ടീസു് കൊടുത്തിരിക്കുകയാണു്. ഒന്നുകിൽ അതുറിപ്പയർചെയ്തു തരണം, അല്ലെങ്കിൽ നഷ്ടപരിഹാരത്തിനുവേണ്ടി ഇപ്പോഴും നോട്ടീസു കൊടുത്തിരിക്കുകയാണു്. അവരുടെ ഗ്യാരൻറി പീരിയഡു് കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു അവർ അതു റിപ്പയർ ചെയ്തുതരികയോ, പുതിയ മെഷീൻ സ്ഥാപിക്കയോ ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. ഏതായാലും അവർക്കു നോട്ടീസു കൊടുത്തിരിക്കുകയാണു്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : വേറെ കമ്പനിക്കാരെ സമീപിച്ചു മെഷീൻ വാങ്ങിക്കൊണ്ടുവന്നു എന്നു പറഞ്ഞു. അതിനു ഗവണ്മെൻറു സാങ്ഷൻ കൊടുത്തിട്ടതന്നെയാണോ അങ്ങനെ ചെയ്തിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ എക്സ്റേ മെഷീൻ വാങ്ങുന്നതിനല്ല പോയതു്. കേടുവന്ന X-ray machine നന്നാക്കുന്നതിനു ഒരു മെഷീൻ (ഡോസീമീറർ) അതു് ഒരു കമ്പനിയിൽനിന്നും തൽക്കാലത്തേക്കു കടമായി വാങ്ങിച്ചു എന്നേയുള്ളൂ. ആ ഉപകരണം തിരിച്ചുകൊടുക്കുകയും ചെയ്തു. അതിലേക്കു് യാതൊരു സംഖ്യയും പ്രത്യേകമായിട്ടു ചെലവഴിച്ചിട്ടില്ല.

ഹരിജനക്ഷേമപ്രവർത്തനത്തിനു് കൂടുതൽ തുക ചെലവഴിക്കുന്ന താലൂക്കു്

* 874. [16] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന പോയിന്റുകൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതു താലൂക്കിലാണു് ഏറ്റവും കൂടുതൽ തുക ഹരിജനക്ഷേമപ്രവർത്തനത്തിനു ചെലവാക്കുന്നതു് :

(ബി) പ്രസ്തുത താലൂക്കിൽ എത്ര സ്ഥാപനങ്ങളുണ്ടു് ;

(സി) ഏറ്റവും കുറഞ്ഞ തുക ചെലവാക്കുന്ന താലൂക്കു് ഏതാണു് ; അവിടെ എത്തെല്ലാം സ്ഥാപനങ്ങളുണ്ടു് ;

(ഡി) ഏറ്റവും കൂടുതൽ ജോലിയും സ്ഥാപനങ്ങളുമുള്ള താലൂക്കിൽ പ്രവർത്തന സൗകര്യത്തെ പരിഗണിച്ചു് രണ്ടായിതിരിച്ചു് രണ്ടു് താലൂക്കു് ഇൻസ്പെക്ടർമാരെ നിയമിക്കാൻ ദയവുണ്ടാകുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) കൊട്ടാരക്കര താലൂക്കിൽ.

(ബി) 31 സ്ഥാപനങ്ങളുണ്ടു്.

(സി) കുന്നത്തുനാടു് താലൂക്കു് പെരുമ്പാവൂർ. അവിടെ സ്ഥാപനങ്ങളൊന്നും ഇല്ല.

(ഡി) ഇതു് ആവശ്യമുണ്ടെന്നു ഗവണ്മെന്റു കരുതുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഏറ്റവും കൂടുതൽ തുക ഹരിജനക്ഷേമപ്രവർത്തനത്തിനായി ചെലവഴിക്കുന്ന കൊട്ടാരക്കര താലൂക്കിൽ എത്ര തുകയാണു് ചെലവഴിക്കുന്നതെന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു: 1962–63-ൽ 1,84,251 രൂപ അതിലേക്കു് ചെലവായിട്ടുണ്ടു്. ഇക്കൊല്ലവും ആ തുക തന്നെ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. പെരുമ്പാവൂരിനെ സംബന്ധിച്ചിടത്തോളം ഉള്ള കണക്കു് എന്റെ കൈവശമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി ഡിസ്ട്രിക്കു് വൈസും താലൂക്കു വൈസുമായി പണം നീക്കിവയ്ക്കുമ്പോഴും അവിടത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പണം നീക്കിവയ്ക്കാൻ ഗവണ്മെന്റു് ആലോചിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു; ആലോചിക്കാം.

ശ്രീ. പി. സി. ആദിച്ചൻ : പെരുമ്പാവൂർ ഹരിജനക്ഷേമപ്രവർത്തനങ്ങൾ വളരെ കുറവായതുകൊണ്ടു് അവിടെ ശമ്പളം മാത്രം കൊടുത്തുകൊണ്ടു് ഒരു ഉദ്യോഗസ്ഥനെ വച്ചിരിക്കുന്നതിനു് വല്ല പ്രത്യേക കാര്യവുമുണ്ടോ ; ആ ഉദ്യോഗസ്ഥനെ ഏറ്റവും കൂടുതൽ ജോലിയുള്ള കൊട്ടാരക്കര താലൂക്കിലേക്കു് നിയമിച്ചുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly